# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6614

### 09-11-2016 ൽ മറുപടിക്ക്

### കടം വാങ്ങുന്ന തുകയുടെ പരിധി

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയ്ക്ക് സർക്കാർ അനുമതിയോടുകൂടി കടം വാങ്ങുന്ന തുകയുടെ പരിധി 2000 ലെ 4-ാം ആക്ട് പ്രകാരം ഒരു തുക നിശ്ചയിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ; | 2000 ലെ 4-ാം ആക്ട് (പ്രധാന ആക്ട്) വകുപ്പ് 8 (1) പ്രകാരം കിഫ്ബിക്ക് സർക്കാർ അനുമതിയോടുകൂടിയും സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥയിന്മേലും മാത്രമേ ഏതൊരു തുകയും കടം വാങ്ങാനാവൂ. 2016 ലെ നിയമഭേദഗതിയിലും ഈ വ്യവസ്ഥ അപ്രകാരം തന്നെ തുടരുന്നു. ആകയാൽ കിഫ്ബിക്ക് ഈ കാര്യത്തിൽ സ്വന്തമായി പരിധി നിശ്ചയിക്കാൻ വ്യവസ്ഥയില്ല. |
| (ബി) ഇപ്രകാരം കടം വാങ്ങുന്ന തുക ട്രഷറികളിൽ നിക്ഷേപിയ്ക്കാൻ സാധിക്കുമോ; ട്രഷറിയെ പൂർണ്ണമായും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; | 1999 ലെ കിഫ് പദ്ധതിയിലെ 4-ാം ഖണ്ഡം പ്രകാരം കിഫ്ബി സ്വരൂപിക്കുന്ന എല്ലാ തുകകളും നിക്ഷേപിക്കുന്നതിനായി സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം നിലവിൽ കിഫ്ബിയുടെ എല്ലാ തുകകളും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. |
| (സി) ഇപ്പോൾ കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയും മറ്റ് ഫണ്ടുകളും ഏത് ബാങ്കിംഗ് സ്ഥാപനത്തിലാണ് നിക്ഷേപിച്ചിരിക്കുന്നത്; വിശദമാക്കുമോ; സംസ്ഥാനത്ത് ഏതെല്ലാം | |

| | |
|---|---|
| ബാങ്കുകളെ കിഫ്ബിയുടെ ഇടപാടുകൾക്കായി ഉൾപ്പെടുത്തിയുട്ടുണ്ട്; വ്യക്തമാക്കുമോ? | അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇത് 2000 ലെ 4-ാം ആക്ട് പ്രകാരവും 1999 -ലെ കിഫ് ആക്ട്, പദ്ധതി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവുമാണ്. കിഫ്ബിയുടെ ഇടപാടുകൾക്കായി നിലവിൽ ഒരു ബാങ്കിനേയും ഉൾപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**